പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3664      26.06.2012 -ലെ മറുപടി

## മുംബൈയിലേക്ക് കെ.എസ്.ആർ.ടി.സി ബസ്സ്

**ചോദ്യം**

ശ്രീ. പി. ശ്രീരാമകൃഷ്ണൻ

**ഉത്തരം**

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | മുംബൈയിലേക്ക് യാത്ര ചെയ്യുന്നതിന് ട്രെയിനുകളും സ്വകാര്യ ബസ്സുകളും മാത്രമാണുള്ളത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) യും (ബി) യും (സി) യും (ഡി) യും | അന്തർ സംസ്ഥാന കരാർ വ്യവസ്ഥകൾക്കനുസരിച്ചാണ് കെ.എസ്.ആർ.ടി. സി. അയൽ സംസ്ഥാനങ്ങളിലേക്ക് സർവ്വീസുകൾ നടത്തിവരുന്നത്. തമിഴ്നാട്, കർണ്ണാടക എന്നീ സംസ്ഥാനങ്ങളുമായി മാത്രമെ നിലവിൽ കരാറുകളുള്ളൂ. മുംബൈയിലേക്ക് സർവ്വീസ് നടത്താൻ മഹാരാഷ്ട്ര സർക്കാരുമായി ഉഭയകക്ഷി കരാർ ആവശ്യമാണ്. കരാർ നിലവിലില്ലാത്തതിനാലും കേരളത്തിൽ നിന്നും മുംബൈയിലേക്ക് സ്റ്റേജ് ക്യാരേജ് സർവ്വീസ് നടത്തുന്നത് പ്രായോഗികമല്ലാത്തതിനാലും ഇക്കാര്യം ഇപ്പോൾ പരിഗണിക്കാൻ കഴിയില്ല. |
| (ബി) | എങ്കിൽ കേരളത്തിലെ പ്രധാന നഗരങ്ങളിൽ നിന്ന് മുംബൈയിലേക്ക് കെ.എസ്.ആർ.ടി.സി. എ.സി ബസ്സുകൾ സർവ്വീസ് നടത്തുന്നതിന് നടപടി സ്വീകരിക്കാമോ; | | |
| (സി) | ഇതിന് നിയമപരമായ എന്തെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ; | | |
| (ഡി) | ഇല്ലെങ്കിൽ ഈ സാമ്പത്തിക വർഷം തന്നെ പ്രസ്തുത സർവ്വീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കാമോ; വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ